പത്രക്കുറിപ്പ്
28/10/2020

## കോവിഡ് കാലത്തെ ക്രിയാത്മകമായ ഇടപെടലുകൾ; കുടുംബശ്രീയ്ക്ക് സ്കൊച്ച് ഓർഡർ ഓഫ് മെറിറ്റ്

---

തിരുവനന്തപുരം: കോവിഡ് കാലത്ത് കുടുംബശ്രീ നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ പരിഗണിച്ചു കുടുംബശ്രീയ്ക്ക് സ്കൊച്ച് (SKOCH) ഓർഡർ ഓഫ് മെറിറ്റ് ലഭിച്ചു. മുഖ്യമന്ത്രിയുടെ സഹായഹസ്തം- രണ്ടായിരം കോടി രൂപയുടെ വായ്പ പദ്ധതി നടപ്പിലാക്കൽ, കമ്മ്യൂണിറ്റി കിച്ചണുകളുടെ സംഘാടനം, കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവന അവസരങ്ങൾ കണ്ടെത്തി നൽകൽ, സമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കൽ, അയൽക്കൂട്ടങ്ങളുമായുള്ള കൃത്യമായ ആശയവിനിമയം, കരുതൽ ആവശ്യമായ അഗതികൾക്കും ആലംബഹീനർക്കും മറ്റും നൽകിയ പിന്തുണ, കൗൺസിലിംഗ് സേവനങ്ങൾ, സന്നദ്ധ പ്രവർത്തന മനോഭാവം, പ്രായമായവർക്ക് നൽകിയ പ്രത്യേക കരുതൽ, പാവപ്പെട്ട വർക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ലാപ്ടോപ്പുകൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കാനു ള്ള നടപടികൾ, ഡോക്യുമെന്റേഷൻ എന്നിങ്ങനെ 10 വ്യത്യസ്ത മേഖലകളിൽ കുടുംബശ്രീ കാഴ്ചവെച്ച നേട്ടങ്ങൾ മുൻനിർത്തിയാണ് ഈ ബഹുമതി. ഇന്ന് ഓൺലൈനായി നടന്ന സ്കൊച്ച് സമ്മിറ്റിൽ പങ്കെടുത്ത് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് ബഹുമതി സ്വീകരിച്ചു.

രാജ്യമെമ്പാടും നിന്നും ലഭിച്ച നിരവധി എൻട്രികളിൽ നിന്നുമാണ് കുടുംബശ്രീയെ ബതിരഞ്ഞെടുത്തത്. പ്രാഥമിക ഘട്ടത്തിൽ കുടുംബശ്രീ കോവിഡ് കാലത്ത് നടപ്പിലാക്കിയ വ്യത്യസ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തി. ഇതിൽ നിന്നും മികച്ച രീതിയിൽ കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങളെപ്പറ്റിയറിഞ്ഞ സ്കൊച്ച് അധികൃതർ രണ്ടാം ഘട്ടത്തിൽ ജൂറി പാനലിനു മുൻപാകെ പദ്ധതി ഓൺലൈൻ ആയി അവതരിപ്പിക്കാൻ കുടുംബശ്രീയെ ക്ഷണിക്കുകയായിരുന്നു. ഈ ഘട്ടത്തിലെ വോട്ടെടുപ്പിൽ മുന്നേറിയെത്തിയ ശേഷം ലഭിച്ച വോട്ടിന്റെയും മികവിന്റെയും അടിസ്ഥാനത്തിലാണ് വിദഗ്ധ പാനൽ ഓർഡർ ഓഫ് മെറിറ്റിന് കുടുംബശ്രീയെ തെരഞ്ഞെടുത്തത്.

ഭരണ നിർവ്വഹണം, ഫിനാൻസ്, ബാങ്കിങ്, ടെക്നോളജി, കോർപ്പറേറ്റ് സിറ്റിസൺഷിപ്, എക്കണോമിക്സ് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശംസനീയ മായ മാതൃകകൾ കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങൾക്കാണ് സ്കൊച്ച് അവാർഡ് നൽകുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ